പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6412

31.10.2011-ലെ മറുപടിയ്ക്ക്

**ടിമ്പർ സോൺ**

**ചോദ്യം**

ശ്രീ. സാജുപോൾ

(എ) തടി വ്യവസായ കേന്ദ്രമായ പെരുമ്പാവൂരിൽ ടിമ്പർ സോൺ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ടിമ്പർ സോൺ വഴി പശ്ചാത്തല സൗകര്യ വികസനം, സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ, അസംസ്കൃത വസ്തു ക്കളുടെ ലഭ്യത ഉറപ്പാക്കൽ, വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ മുതലായവ നടപ്പാക്കുമോ;

(സി) ടിമ്പർ സോൺ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ ഏകോപനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; ഇതിനായി ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ;

(ഡി) തടി വ്യവസായ മേഖലയുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ് തയ്യാറാക്കി പ്രഖ്യാപിക്കുമോ?

**ഉത്തരം**

ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും

ടിമ്പർ സോൺ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ടിമ്പർ സോൺ നടപ്പിലാക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യപ്പെടു ന്നതാണ്.

സെക്ഷൻ ഓഫീസർ